പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 37 | 27.02.2017 ൽ മറുപടിയ്ക്ക്

# സേവനാവകാശ നിയമം

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) സേവനാവകാശ നിയമം കേരളത്തിൽ പ്രാബല്യത്തിലായതിനുശേഷം സർക്കാർ ഓഫീസുകളിലുണ്ടായ മാറ്റം വിശദമാക്കുമോ;<br>(ബി) സേവനാവകാശ നിയമം നിലവിൽ വരുന്നതിന് മുൻപും ശേഷവും ഫയലുകൾ തീർപ്പാക്കുന്നതിൽ, ഉദ്യോഗസ്ഥരുടെ കാഴ്ചപ്പാടിലും പ്രവർത്തനങ്ങളിലുമുണ്ടായ മാറ്റം താരതമ്യപ്പെടുത്തിയിട്ടുണ്ടോ; | (എ) & (ബി) വിശകലനം ചെയ്തിട്ടില്ല |
| (സി) സെക്രട്ടേറിയറ്റിൽ സേവനാവകാശ നിയമം പ്രാബല്യത്തിലാകുന്നതിന് മുൻപ് എത്ര ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടന്നിരുന്നു എന്ന് വ്യക്തമാക്കുമോ; | (സി) സേവനാവകാശനിയമം 2012 നവംബർ 1 നാണ് നിലവിൽ വന്നത്. 2012 ഒക്ടോബർ മാസത്തെ കണക്കുപ്രകാരം തീർപ്പാക്കാത്ത ഫയലുകളുടെ എണ്ണം 1,08,651 ആണ്. |
| (ഡി) ഉദ്യോഗസ്ഥരുടെ അലസതയും കൃത്യവിലോപവും കാരണമാണ് ഫയലുകൾ നീങ്ങാത്തതെങ്കിൽ സേവനാവകാശ നിയമം പ്രാബല്യത്തിലായതിനുശേഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ നിയമ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ; | (ഡി) ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഇ) ഉദ്യോഗസ്ഥരുടെ താൽപര്യക്കുറവുമൂലം എളുപ്പത്തിൽ പരിഹരിക്കാവുന്ന എത്ര ഫയലുകൾ പരിഹരിക്കപ്പെടാതെ കളക്ടറേറ്റുകളിൽ കെട്ടിക്കിടക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ; | (ഇ) ഉദ്യോഗസ്ഥരുടെ താൽപര്യക്കുറവുമൂലം എളുപ്പത്തിൽ പരിഹരിക്കാവുന്ന ഫയലുകൾ പരിഹരിക്കപ്പെടാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) ഏതെങ്കിലും ജില്ലയിൽ സേവനാവകാശ നിയമം അനുസരിച്ച് കേസ്സുകൾ എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമത്തിന്റെ മഹത്വമാണ് അത് വ്യക്തമാക്കുന്നത് എന്ന് കരുതുന്നുണ്ടോ? | (എഫ്) കേസുകൾ എടുത്തിട്ടില്ല. |

Jui R
സെക്ഷൻ ഓഫീസർ